SUNDAY 14/12/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/12/2025

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അമ്പലവയലിലെ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (ആർഎആർഎസ്) 2026 ജനുവരി 1 മുതൽ 15 വരെ നടക്കുന്ന വാർഷിക **അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2026** സംഘടിപ്പിക്കുന്നു. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും പ്രദർശനമായ ഈ പരിപാടിയിൽ കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവയുൾപ്പെടെ കാർഷിക സംബന്ധിയായ ഉൽപ്പന്നങ്ങളുടെയും സാങ്കേതികവിദ്യകളുടെയും വിപുലമായ ശ്രേണി അവതരിപ്പിക്കുന്നു.

2. കേന്ദ്ര സർക്കാരിന്റെ 2017 ലേയും 2018 ലേയും വിജ്ഞാപനങ്ങൾ പ്രകാരം ഡോഗ് ബ്രീഡിംഗ്, മാർക്കറ്റിംഗ്, പെറ്റ് ഷോപ്പുകൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും സംസ്ഥാനത്തെ മൃഗക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു. സംസ്ഥാന മൃഗക്ഷേമ ബോർഡിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രെജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മാത്രമേ ഇനി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭ്യമാകുകയുള്ളൂ. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആണ് നിലവിൽ ബോർഡിന്റെ മെമ്പർ സെക്രട്ടറി. പുതിയ പെറ്റ്ഷോപ്പ് തുടങ്ങുന്നതിനും , ഡോഗ് ബ്രീഡർ ആയി രെജിസ്റ്റർ ചെയ്യുന്നതിനും വില്പന നടത്തുന്നതിനും ഉള്ള രെജിസ്ട്രേഷൻ ഫോമുകൾ www.ahd.kerala.gov.in എന്ന മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഫോമുകൾ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളും , രെജിസ്ട്രേഷൻ ഫീസായി മെമ്പർ സെക്രട്ടറി /കൺവീനർ , മൃഗക്ഷേമ ബോർഡ്, കേരളത്തിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 5000 രൂപയുടെ ചെക്ക്/ ഡി ഡി/ ഓൺലൈൻ പേയ്മെന്റ് (അക്കൗണ്ട് നമ്പർ : 40341111002087 IFSCode: KLGB0040341) സഹിതം ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി ഓ തിരുവനന്തപുരം-33 എന്ന വിലാസത്തിലേക്ക് അയച്ച് തരേണ്ടതാണ്. കൂടാതെ പൂരിപ്പിച്ച അപേക്ഷാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോറങ്ങൾ സ്കാൻ ചെയ്ത sawbkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്കും അയച്ച തരേണ്ടതാണ്.

3. റബ്ബറുത്പാദകസംഘങ്ങളുടെയും അവയുടെ കീഴിലുള്ള സ്വാശ്രയസംഘങ്ങളുടെയും രൂപീകരണം/ശാക്തീകരണം, റബ്ബറുത്പാദകസംഘങ്ങൾക്ക് സ്പ്രേയർ/ഡസ്റ്റർ വാങ്ങൽ, റബ്ബറുത്പാദകസംഘങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സമൂഹസംസ്കരണശാലകളുടെ നവീകരണം, നിലവിലുള്ള സമൂഹസംസ്കരണശാലകൾക്കായി പുതിയ പുകപ്പുരകളുടെ നിർമാണം എന്നിവയ്ക്ക് റബ്ബർബോർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപിക്കാനുള്ള അവസാന തിയതി 2025 ഡിസംബർ 15-ലേക്ക് നീട്ടിയിരിക്കുന്നു. ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഈ അവസരം പ്രയോജനപ്പെടുത്തി നിശ്ചിത തീയതിക്കകം അപേക്ഷകൾ സമർപിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ

റബ്ബർബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

## പരിശീലന പരിപാടി

4. കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന 6 മാസം ദൈർഘ്യമുള്ള ബീ-കീപ്പിംഗ് ട്രെയിനിംഗ് കോഴ്സിലേക്ക് ഡിസംബർ 20 വരെ അപേക്ഷിക്കാം. എസ്.എസ്.എൽ.സി / തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 30 നും ഇടയിൽ പ്രായമുള്ളവർക്ക് (20/11/2025 പ്രകാരം) ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഫീസ് 30,000 രൂപ. ഇതിനു പുറമേ ഫീൽഡ് ട്രെയിനിംഗിനു ചെലവാകുന്ന അധിക തുക അപേക്ഷകർ വഹിക്കണം. അപേക്ഷാ ഫീസായി 50 രൂപ ഓൺലൈനായി അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9747321760, khadi.kerala.gov.in.

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലനകേന്ദ്രത്തിൽ വച്ച് 2025 ഡിസംബർ മാസം 16/12/2025 മുതൽ 18/12/2025 വരെ ക്ഷീരസഹകരണസംഘം സെക്രട്ടറി /ക്ലാർക്കമാർക്കുള്ള പരിശീലനപരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/-

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഡിസംബർ 14-ാം തീയതി വരെ വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നം. 0471-2440911. മേൽവിലാസം:- ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ. തിരുവനന്തപുരം-695004 Email ID: principaldtctvm@gmail.com

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം